മീറ്ററുകൾ കേടുവന്നാൽ മാറ്റി സ്ഥാപിക്കുന്നതിന് നിലവിലുള്ള സംവിധാനം

179 [1659] ശ്രീ. കളത്തിൽ അബ്ദുള്ള:

" വി. കെ. ഇബ്രാഹിം കുഞ്ഞ്:

" ഇ. ടി. മുഹമ്മദ് ബഷീർ:

" പി. കെ. അബ്ദുറബ്ബ്:

" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണം നടത്തുന്ന സ്ഥലങ്ങളിൽ ജല ഉപഭോഗം നിർണ്ണയിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾ കേടുവന്നാൽ റിപ്പയർ ചെയ്യുന്നതിനോ, മാറ്റി സ്ഥാപിക്കുന്നതിനോ വേണ്ടി ഇപ്പോൾ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ബി) വാട്ടർ അതോറിറ്റി തന്നെ ഇതു നടത്താൻ സംവിധാനം ഉണ്ടാക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേടായ മീറ്ററുകൾ റിപ്പയർ ചെയ്യുന്നതിന് കേരള ജല അതോറിറ്റിക്ക് തനതായ സംവിധാനങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. മീറ്ററുകൾ നന്നാക്കുന്നതിനായി കുടുംബശ്രീ പോലുള്ള ഏജൻസികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

കേടായ മീറ്ററുകൾ ഉപഭോക്താവിന്റെ ചെലവിൽ തന്നെ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും അത് ഉപഭോക്താവ് പാലിക്കാത്തപക്ഷം നിശ്ചിത കാലത്തേയ്ക്ക് സർച്ചാർജ് ഈടാക്കുകയും ഈ കാലയളവിലും മീറ്റർ മാറ്റാത്തപക്ഷം കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്നു.

(ബി ആന്റ് സി) കേരള വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും കേരളമൊട്ടാകെയുള്ള ഉപഭോക്താക്കളുടെ ഗണ്യമായ എണ്ണവും പരിഗണിക്കുമ്പോൾ ഇങ്ങനെ ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഇപ്പോൾ പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയിൽനിന്ന് ജനങ്ങൾക്ക് കിട്ടുന്ന സേവനങ്ങൾ

180 [1860] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽനിന്ന് ജനങ്ങൾക്ക് കിട്ടുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും വാട്ടർ അതോറിറ്റിയിൽ ഓരോ വിഷയത്തിനും അടയ്ക്കേണ്ട തുക എത്രയാണെന്നും വാട്ടർ അതോറിറ്റി/ഡ്രെയിനേജ് ഓഫീസുകളിൽ വെളിപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് വെളിപ്പെടുത്തുന്നതിന് വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) ഇതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ ദക്ഷിണ മേഖലയിലും മദ്ധ്യമേഖലയിലും മുഖ്യ കാര്യാലയങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റായ http://www.keralawater.org-ലും ലഭ്യമാക്കിയിട്ടുണ്ട്.

(ബി ആന്റ് സി) ഇപ്പോൾ മദ്ധ്യമേഖലയിലെയും ദക്ഷിണ മേഖലയിലെയും കാര്യാലയങ്ങളിൽ വെളിപ്പെടുത്തിയിട്ടുള്ള മാതൃകയിൽ മറ്റ് കാര്യാലയങ്ങളിലും സേവനങ്ങൾ, അടയ്ക്കേണ്ട തുക മുതലായ വിവരങ്ങൾ വെളിപ്പെടുത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

കുന്ദമംഗലം മണ്ഡലത്തിലെ മുക്കം അങ്ങാടിയിലുള്ള കെ.ഡബ്ല്യു.എ.-യുടെ വാട്ടർ ടാങ്കിന്റെ ചോർച്ച

181 [1863] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കം അങ്ങാടിയിലുള്ള കെ.ഡബ്ല്യു. എ.യുടെ വാട്ടർ ടാങ്കിന് ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പൊളിച്ചുമാറ്റി ഒരു വലിയ ടാങ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതോടനുബന്ധിച്ചുള്ള പമ്പുസെറ്റിന് ശക്തികുറവാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശക്തി കൂടിയ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ സർക്കാർ എടുത്ത നടപടി വിശദമാക്കാമോ;

(എഫ്) പുതിയ പമ്പു സെറ്റും ടാങ്കും എന്ന് സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?